# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4645

## 22.03.2018 ലെ മറുപടിക്ക്

## പ്രത്യേക വികസന നിധി- ഫയൽ അയയ്ക്കുന്നതിന് ഓൺലൈൻ നെറ്റ് വർക്ക്

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി , ആസ്തിവികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നത് അതത് ജില്ലാ കളക്ടറേറ്റ് മുഖേനയായതിനാൽ കളക്ടറേറ്റിൽ നിന്നും ധനകാര്യ (നോഡൽ) വകുപ്പിലേക്ക് നേരിട്ട് ഫയൽ അയയ്ക്കുന്നതിന് ഓൺലൈൻ നെറ്റ് വർക്ക് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി പൂർണ്ണമായും കൈകാര്യം ചെയ്യുന്നത് അതത് ജില്ലാ കളക്ടറേറ്റുകൾ മുഖേനയാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.മാർ ശുപാർശ ചെയ്യു 1 കോടി രൂപയിൽ താഴെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കുള്ള ഭരണാനുമതി അതത് ജില്ലാ കളക്ടർക്ക് നൽകാവുന്നതാണ്. ഒരു കോടി രൂപയോ അതിന് മുകളിലോ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി NIC യുടെ സഹായത്തോടെ ഒരു ഓൺലൈൻ പോർട്ടൽ (www.ads2.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേനയാണ് ഇതു സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്തു വരുന്നത്. ഈ പോർട്ടൽ മുഖേന ജില്ലാ കളക്ടറേറ്റുകളിൽ നിന്നും ധനകാര്യ വകുപ്പിലേക്ക് നേരിട്ട് ഫയൽ അയയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**